# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ എം.പി.എം15/825/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ എം.പി.എം15/825/2022 തീയ്യതി: 06/06/2022

## മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 30-07-2019 മുതൽ 20-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 30-07-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-03-2022 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-03-2022 | 31-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് പി (ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ))

ശ്രീ. അബ്ദുൾ ഗഫൂർ.സി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

ശ്രീമതി. ജിഷ കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പനയത്തിൽ മുസ്തഫ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ജോളി ജോൺ ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| ശ്രീമതി. ബിസിലി ബിന്ദു ടി.എസ് | സെക്രട്ടറി | 24-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ഹേമലത സി.കെ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 04-12-2019 |
| ഡോ. ജോഷ്ന കെ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 05-12-2019 | 31-03-2020 |
| ഡോ. സബീർ ഹുസൈൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. നിഷ പി.കെ | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ഡോ. സൽമ വി.പി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)) | 01-04-2019 | 31-03-2020 |
| ശ്രീമതി. ബിന്ദു. പി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. സംഗീത വി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ലീല സി.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 30-04-2019 |
| ശ്രീമതി. ജശ്രീ എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-05-2019 | 15-11-2019 |
| ശ്രീമതി. റംല ബീഗം എൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 16-11-2019 | 31-03-2020 |
| ശ്രീ. ഗോകുൽ കെ.എൽ | അസി.എഞ്ചിനീയർ | 01-04-2019 | 20-07-2019 |

| | | | |
|---|---|---|---|
| ശ്രീ. വിപിൻ എൻ.വി | അസി.എഞ്ചിനീയർ | 21-07-2019 | 23-09-2019 |
| ശ്രീ. സുരേഷ് ബാബു ടി.കെ | അസി.എഞ്ചിനീയർ | 24-09-2019 | 31-03-2020 |
| ശ്രീമതി. ജോളി ജോൺ ജെ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 23-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 23-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 23-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-03-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-03-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-03-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Unni.P (Deputy Director, On 13-05-2022) | 1-11 |
| 12 | ഫാക്ടറികൾ, വ്യാപാര സ്ഥാപനങ്ങൾ, സംരംഭങ്ങൾ എന്നിവക്ക് ലൈസൻസ് ഫീസ് കൃത്യമായി നിശ്ചയിച്ചിട്ടില്ല.<br>Written By: Idrees Abdulla A.C. (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-12 |
| 13 | പഞ്ചായത്ത് പരിധിയിൽ പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങൾ അധികരിക്കുന്നത് സംബന്ധിച്ച്.<br>Written By: Idrees Abdulla A.C. (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-13 |
| 14 | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം<br>Written By: Idrees Abdulla A.C. (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 13-05-2022) | 1-14 |
| 15 | ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 16-05-2022) | 1-15 |
| 16 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികൾ-അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 16-05-2022) | 1-16 |

| | | |
|---|---|---|
| 17 | ഇ ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചില്ല<br>Written By: Jisha.K (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 16-05-2022) | 1-17 |
| 18 | സോളാർ പാനൽ ഇൻസ്റ്റലേഷൻ - ഐ ടി-ടിഡിഎസ് നടത്തിയില്ല<br>Written By: Jisha.K (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 16-05-2022) | 1-18 |
| 19 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Jisha.K (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 16-05-2022) | 1-19 |
| 20 | പത്രപ്പരസ്യം - ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Jisha.K (Senior Grade Auditor, On 31-03-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 31-03-2022) | 1-20 |
| 21 | അനുബന്ധ രേഖകൾ ലഭ്യമായില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.<br>Written By: Jisha.K (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-21 |
| 22 | വൈദ്യുതി കണക്ഷൻ നൽകുന്നതിനായി കെഎസ് ഇ ബി യിലേക്ക് തുക നല്കി<br>Written By: Jisha.K (Senior Grade Auditor, On 31-03-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 31-03-2022) | 1-21-1 |
| 23 | എസ് എസ് എ വിഹിതം നൽകി<br>Written By: Jisha.K (Senior Grade Auditor, On 31-03-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 31-03-2022) | 1-21-2 |
| 24 | ഐ കെ എം വിഹിതം നൽകൽ<br>Written By: Jisha.K (Senior Grade Auditor, On 31-03-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 31-03-2022) | 1-21-3 |
| 25 | കണ്ടിജന്റ് ചെലവുകൾക്കായി തുക മുൻകൂർ നൽകി<br>Written By: Jisha.K (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 16-05-2022) | 1-21-4 |
| 26 | ഡയാലിസിസ് യൂണിറ്റിന് തുക നൽകി<br>Written By: Jisha.K (Senior Grade Auditor, On 31-03-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 31-03-2022) | 1-21-5 |
| 27 | ഗ്രാമ ലക്ഷ്മിക്ക് തുക മുൻകൂർ നൽകി<br>Written By: Jisha.K (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 16-05-2022) | 1-21-6 |
| 28 | സ്ട്രീറ്റ് മെയിൻ - കെ എസ് സി ബി യിലേക്ക് ഡെപ്പോസിറ്റ്<br>Written By: Jisha.K (Senior Grade Auditor, On 31-03-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 31-03-2022) | 1-21-7 |
| 29 | കാർഷിക ആവശ്യത്തിന് വൈദ്യുതി ലൈൻ നീട്ടൽ - കെ എസ് സി ബി യിലേക്ക് തുക മുൻകൂർ നൽകി<br>Written By: Jisha.K (Senior Grade Auditor, On 31-03-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 31-03-2022) | 1-21-8 |
| 30 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>Written By: Jisha.K (Senior Grade Auditor, On 31-03-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 31-03-2022) | 1-21-9 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 23-03-2022) | |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 23-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Unni.P (Deputy Director, On 16-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-03-2022) | 4-7 |
| 8 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 23-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 23-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Unni.P (Deputy Director, On 16-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 23-03-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം നം-2(1) തീയതി-15.02.2019 | തീരുമാനം നം-1(2) തീയതി-24.03.2020 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 21.05.2020 | --- | ----- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32835595.43 |
| വരവ് | 55394757 |
| ആകെ | 88230352.43 |
| ചെലവ് | 56100219 |
| നീക്കിയിരിപ്പ് | 32130133.43 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18719700 | 18719700 | 12419654 | 6300046 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3257000 | 3257000 | 1757800 | 1499200 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10804000 | 10804000 | 2849804 | 7954196 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4642000 | 4642000 | 3100979 | 1541021 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 11756898 | 11756898 | 5639043 | 6117855 |
| ബി ഫണ്ട് | 0 | 20777520 | 20777520 | 20777520 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 81241907 | 99 | 39459892 | 71 | 28 | 50% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 779575 | 598736 | 1378311 | 1247937 | 130374 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 6396384 | 6396384 | 6396384 | 0 |
| ആകെ | 779575 | 6995120 | 7774695 | 7644321 | 130374 |

### 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 27120 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 1497600 | 274 |
| വിധവാപെൻഷൻ | 6208800 | 1071 |
| വാർദ്ധക്യകാലപെൻഷൻ | 10485300 | 1835 |
| വികലാംഗപെൻഷൻ | 2370300 | 149 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 98400 | 15 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.03.2022 ന് 10.15 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43233/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. പഞ്ചായത്തിന്റെ നിയന്ത്രണമില്ലാതെയുള്ള കെട്ടിടനിർമ്മാണങ്ങൾ അധികരിക്കുന്നത് ആശാവഹമല്ല

2. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഊർജിതമായ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല എന്ന് കാണുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.01.2022 | 2021-2022 | 17.01.2022 |
| എ.ജി ഓഡിറ്റ് | 03.02.2017 | 2015-2016 | 29.03.2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) 2018-19 വാർഷികകണക്ക് പ്രകാരം നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഇനത്തിൽ കുടിശ്ശികയില്ല. എന്നാൽ 2019-20 വാർഷികകണക്ക് പ്രകാരം കുടിശ്ശികയിനത്തിൽ താഴെ പറയും പ്രകാരം കളക്ഷനുണ്ട്.

| ഇനം | തുക |
|---|---|
| Residential Buildings | 5318 |
| Non-Residential Buildings | 14864 |

2) 2018-19 ലെ വാർഷികകണക്ക് പ്രകാരം Advance Collection Of Revenues- License Fees For D&O Traders ഇനത്തിൽ 49200/- വരവ് ഉണ്ട് എന്നാൽ 2019-20 ലെ ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ ആയതിന്റെ സംഗ്രഹം രേഖപ്പെടുത്താത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
3)വാർഷികകണക്കിലെ B-11 ഷെഡ്യൂൾ പ്രകാരംFixed Assets 59323111/- രൂപ ബാലൻസ് ഉണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.6/2019-20 26.03.2022) മുൻ വർഷങ്ങളിൽ കെട്ടിട നികുതി അസ്സസ് ചെയ്യാതെ പോയത് 2018-19ന് ശേഷം ഉൾപ്പെടുത്തിയതിനാലാണ് വസ്തു നികുതി ഇനത്തിൽ കുടിശ്ശിക വന്നതെന്നും, ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ അഡ്വാൻസായി ലഭിക്കുന്ന ഫീസ് പ്രത്യേകം രേഖപ്പെടുത്തുമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
4)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
5)തൊഴിലുറപ്പ് പദ്ധതി ആകെ ചെലവ്- വാർഷിക കണക്ക്, പഞ്ചായത്ത് ലഭ്യമാക്കിയ വരവ്-ചെലവ് പത്രിക എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| പഞ്ചായത്ത് ലഭ്യമാക്കിയ വരവ്-ചെലവ് പത്രിക പ്രകാരം | 7644321<br>(ഭരണ ചെലവ്- 1247937,<br>തൊഴിലാളികൾക്ക് നേരിട്ട് നൽകിയത് ക്യാപിറ്റൽ ചെലവ് ഉൾപ്പെടെ – 6396384) |
| വാർഷിക കണക്ക് പ്രകാരം | 7782559<br>(ക്യാപിറ്റൽ ചെലവ് ഒഴികെ) |

## 1-12 ഫാക്ടറികൾ, വ്യാപാര സ്ഥാപനങ്ങൾ, സംരംഭങ്ങൾ എന്നിവക്ക് ലൈസൻസ് ഫീസ് കൃത്യമായി നിശ്ചയിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 ലെ വിജ്ഞാപന പ്രകാരം ഫാക്ടറികൾ, വ്യാപാര സ്ഥാപനങ്ങൾ, സംരംഭങ്ങൾ തുടങ്ങിയവയ്ക്ക് ലൈസൻസ് അനുവദിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടുണ്ട്. ഇവയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ്( ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം, II -ാം പട്ടികയിൽ പറഞ്ഞിട്ടുള്ള തുകയേക്കാൾ അധികരിക്കാത്ത ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. ആയത് പ്രകാരം പഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുള്ള മിക്ക സ്ഥാപനങ്ങളും പരമാവധി 500/- രൂപ ലൈസൻസ് ഫീസ് ചുമത്താവുന്ന മൈക്രോ എന്റർപ്രൈസസ് (മൂലധന നിക്ഷേപം- 25ലക്ഷത്തിൽ കുറവ്) വിഭാഗത്തിൽ പെട്ടവയാണ്. എന്നാൽ സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിലുള്ള വ്യത്യാസത്തിനനുസരിച്ച് ചുമത്തേണ്ട ഫീസ് സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ വ്യത്യസ്ത നിരക്കിലാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | സ്ഥാപനം | ലൈസൻസ് നം | മൂലധന നിക്ഷേപം | ചുമത്തിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| ഇസ്മായിൽ അഹമ്മദ്കുട്ടി സൽമാൻ | ബത്തൂൽ ഹൈപ്പർമാർക്കറ്റ്, പാണ്ടിമുറ്റം | A6-4612/01.11.2019 | 8ലക്ഷം | 500 |
| മൂത്തേടത്ത് താമിക്കുട്ടി | എം.എസ്സ് സ്റ്റോർപലച്ചരക്ക് കച്ചവടം, വെള്ളിയാമ്പുറം | A6-4794/11.11.2019 | 8ലക്ഷം | 200 |
| സിന്ധു കരുവാത്തൊടി | ക്ലാസി ഫാഷൻടൈലറിംഗ് & റെഡിമെയ്ഡ്, അയ്യായ റോഡ് | A6-4379/16.10.2019 | 2ലക്ഷം | 200 |
| മുഹമ്മദ് റിയാസ് | റോയൽ പെയിന്റ്& | A6-4883/15.11.2019 | 1 ലക്ഷം | 200 |

| | | | | |
|---|---|---|---|---|
| കെ.പി | ഹാർഡ് വെയർ, ഫാറൂക്ക് നഗർ | | | |
| പ്രജിത്ത് ലാൽ | കാർ ആക്സസറീസ് & ഫിക്സിംഗ് | A6-4806/11.11.2019 | 2ലക്ഷം | 50 |

വ്യത്യസ്ത മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് ഈടാക്കേണ്ട ലൈസൻസ് ഫീസ് കൃത്യമായി നിർണ്ണയിച്ച് ഈടാക്കുന്നതിന് ലൈസൻസ് ഫീസ് സംബന്ധിച്ച് ഭരണസമിതി അംഗീകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും ആയത് പ്രകാരം ഫീസ് ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ.05/2019-20 തീയ്യതി -25.03.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 പഞ്ചായത്ത് പരിധിയിൽ പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങൾ അധികരിക്കുന്നത് സംബന്ധിച്ച്.

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം ഏതൊരാളും സെക്രട്ടറിയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. എന്നാൽ തൻവർഷം നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റ്, റഗുലറൈസേഷൻ എന്നീ ഈനങ്ങളിലെ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ ഭൂരിഭാഗം നിർമ്മാണങ്ങളും പെർമിറ്റ് നേടാതെയാണ് നടത്തുന്നത് എന്ന് കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| അപേക്ഷയുടെ തരം | അപേക്ഷകളുടെ എണ്ണം | ഓരോ ഇനങ്ങളിലേയും വരവ് |
|---|---|---|
| കെട്ടിട നിർമ്മാണ പെർമിറ്റ് | 96 | 69143 രൂപ |
| റഗുലറൈസേഷൻ | 169 | 174515 രൂപ |

പെർമിറ്റ് നേടിയ നിർമ്മാണങ്ങളേക്കാൾ കെട്ടിടങ്ങളുടെ റഗുലറൈസേഷൻ അധികരിക്കുന്നത് പഞ്ചായത്ത് പ്രദേശത്ത് പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങൾ ധാരാളം നടക്കുന്നുണ്ടെന്നും നിർമ്മാണങ്ങളുടെ മേൽ പഞ്ചായത്തിന് വ്യക്തമായ നിയന്ത്രണമില്ല എന്നുമാണ് സൂചിപ്പിക്കുന്നത് കെട്ടിട നിർമ്മാണങ്ങൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും പഞ്ചായത്തിൽ ലഭ്യമാകുന്ന റഗുലറൈസേഷൻ അപേക്ഷകളിൽ 2018 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (റഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) ചട്ടങ്ങൾ ബാധകമാകുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.15/2019-20 തീയ്യതി -30.03.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം

പ്രൊജക്ട് : കാലിത്തീറ്റ വിതരണം, നം : 219/2019-20

അടങ്കൽ - 1000000 (വികസന ഫണ്ട് - 500000 ; ഗുണഭോക്തൃ വിഹിതം - 500000 )

ചെലവ്- 877910/- (വികസന ഫണ്ട് - 438955 ; ഗുണഭോക്തൃ വിഹിതം - 438955 )

ചെക്ക് നം-02000234/07.02.20 (136620/-രൂപ)

ചെക്ക് നം-02000258/12.03.2020- ( 156860/-രൂപ)

ബിൽ നം-1/19-20 Dt-27.08.2019 (136620/- രൂപ)

ബിൽ നം-2/19-20 Dt-27.08.2019 (145475/- രൂപ)

ബിൽ നം-3/19-20 Dt-27.08.2019 (139150/- രൂപ)

ബിൽ നം-4/19-20 Dt-27.08.2019 (17710/- രൂപ)

ചെക്ക് നം- 02000250/06.05.2020 (145475/-രൂപ)

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 34700/-കിലോ ഗ്രാം കാലിത്തീറ്റ കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്നും വാങ്ങി പ്രിയദർശിനി കുടുംബശ്രീ യൂണിറ്റ് കൊടിഞ്ഞി മുഖേന വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി-14.02.2018 പ്രകാരം കാലിത്തീറ്റ വിതരണം ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയാണ് നടത്തേണ്ടത്. ക്ഷീര സംഘങ്ങൾ എന്നുള്ളത് കേരള സഹകരണ സംഘം ആക്ട് 1969 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീര സംഘങ്ങളും ഡയറി ഡവലപ്പ്മെന്റ് വകുപ്പ് അംഗീകരിച്ച സംഘങ്ങളും ഉൾപ്പെടുന്നതാണ്. എന്നാൽ കാലിത്തീറ്റ വിതരണത്തിന് പഞ്ചായത്തിൽ കുടുംബശ്രീ യൂണിറ്റിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.01/22.03.2022)ക്ക് പഞ്ചായത്തിൽ പരിധിയിൽ ഉണ്ടായിരുന്ന കൊടിഞ്ഞി ക്ഷീരോൽപാദക സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തതായും, കറവപശുക്കൾക്ക് കാലിത്തീറ്റ എന്നത് പ്രധാന്യമുള്ള പദ്ധതി ആയതിനാലുമാണ് കുടുംബശ്രീ മുഖേന പദ്ധതി നടപ്പിലാക്കിയത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സബ്സിഡി മാർഗരേഖ പ്രകാരം ക്ഷീര വികസനം ലക്ഷ്യം വെച്ചുള്ള പല പദ്ധതികളും ക്ഷീര സഹകരണ സംഘങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത് എന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന ക്ഷീര സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ

റദ്ദാക്കിയതിനാലും പുതുതായി ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിലേക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല.

2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 5 ലക്ഷത്തിനു മുകളിലുള്ള താഴെപ്പറയുന്ന പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല.19-20 വർഷത്തിൽ ലഭ്യമാക്കാനുള്ള തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫോറം വില |
|---|---|---|
| പി.എച്ച്.സി ടൈൽസ് ആന്റ് ഇന്റർലോക്ക്(38/20) | 11 | 1888x11=20768 |
| ചകിടാം കുന്ന് വെങ്ങാട്ടമ്പലം റോഡ്(133/20) | 3 | 1243x3=3729 |
| വെള്ളിയാമ്പുറം കോളക്കാട്ട് പാലം റോഡ്(139/20) | 2 | 1695x2=3390 |
| വിവിധ അംഗൻ വാടി റിപ്പയർ((194/20) | 1 | 1895x1=1895 |
| പി.എച്ച്.സി നവീകരണം(41/20) | 2 | 1808x2=3616 |
| മൂച്ചിക്കൽ അംഗൻവാടി നിർമ്മാണം (196/20) | 2 | 2260x2=4520 |
| ആകെ | | 37918 |

മുൻ റിപ്പോർട്ടുകളിലും ഇത് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ ഫോം ലഭ്യമാകാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല.ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം 4തി.25.3.2022).

## 1-16 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികൾ-അപാകതകൾ

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 100 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 39 പ്രൊജക്ടുകളിലായി ആകെ 39459892 രൂപ മാത്രമാണ് ചെലവഴിക്കാനായത്. വിശദ വിവരം ചുവടെ

| | | | |
|---|---|---|---|
| ആകെ പദ്ധതി | 100 | ആകെ അടങ്കൽ | 81241907 |
| നടപ്പിലാക്കിയത് | 39 | ചെലവഴിച്ച തുക | 39459892 |
| ശതമാനം | 39 | ശതമാനം | 48.57 |

റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-17 ഇ ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചില്ല

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹിച്ച 5 ലക്ഷത്തിനു മുകളിലുള്ള താഴെ പറയുന്ന പ്രവൃത്തികൾ ഇ - ടെണ്ടർ ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തി | പങ്കെടുത്തകരാറുകാരുടെ എണ്ണം | ടെണ്ടർ ഫോം വില |
|---|---|---|---|
| 1 | 161/20 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 6 | 6 * 2800 = 16800 |
| 2 | കുടിവെള്ള വിതരണം | 2 | 2* 5600 = 11200 |
| 3 | 173/20 പഞ്ചായത്ത് ഓഫീസിലേക്ക് സോളാർ പാനൽ സ്ഥാപിക്കൽ | 2 | 2* 2173 = 4346 |
| | | | 32346 |

മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/19-20/30.03.2022 ) മറുപടി ലഭ്യമാക്കിയില്ല. തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക മാറ്റി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 സോളാർ പാനൽ ഇൻസ്റ്റലേഷൻ - ഐ ടി-ടിഡിഎസ് നടത്തിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് : 173/20 പഞ്ചായത്ത് ഓഫീസിലേക്ക് സോളാർ പാനൽ സ്ഥാപിക്കൽ

അടങ്കൽ : 510000/- (തനത്)

ചെലവ് : 502377/-(വൗച്ചർ നമ്പർ: 21900406/29.10.2019 - 492329/-)

(വൗച്ചർ നമ്പർ: 21900407/29.10.2019 - 5024/-) (CGST)

(വൗച്ചർ നമ്പർ: 21900408/29.10.2019 - 5024/-) (SGST)

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ട്. ഇ ടെണ്ടർ നടപടികൾ വഴിയാണ് പ്രവൃത്തി Solgen Energy Pvt Ltd എന്ന സ്ഥാപനത്തിന് കരാർ നൽകി നടപ്പിലാക്കിയത്. പദ്ധതി പൂർത്തീകരിച്ച് കരാറുകാരന് തുക നൽകിയപ്പോൾ 2% IT-TDS (10048/-) നടത്താതെയാണ് കരാറുകാരന് തുക നൽകിയത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09 /2019-20/26.03.2022) ലഭ്യമാക്കിയ മറുപടിയിൽ സോളാർ പാനൽ പർച്ചേസ് ചെയ്യുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയതെന്നും ആയതിനാലാണ് ഐ ടി കുറവ് വരുത്താതിരുന്നതെന്നുമുള്ള മറുപടിയാണ് നൽകിയത്. എന്നാൽ Solgen Energy Pvt Ltd ന്റെ ഫൈനൽ ബില്ലിൽ 163307.18 രൂപ സോളാർ പ്ലാന്റ് ഇൻസ്റ്റലേഷൻ ഇനത്തിലാണ് ഉള്ളത്. ആയതിനാൽ ഐ ടി 10048/- രൂപ പിഴ സഹിതം ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് : 161/20 തെരുവ് വിളക്ക് സ്ഥാപിക്കൽ

അടങ്കൽ : 1677581/- (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് : 1401400/-(ബിൽ നമ്പർ 4/19-20/17.07.2019)

2018-19 വർഷത്തിൽ സെക്രട്ടറി നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം ഇ- ടെണ്ടർ നടപടികൾ വഴി ഗ്രീൻലീഫ് ടെക്നോളജീസ് എന്ന കമ്പനിക്കാണ് തെരുവു വിളക്കുകൾ സ്ഥാപിക്കൽ പ്രവൃത്തിക്കായി കരാർ നൽകിയത് .

പ്രവൃത്തിക്കായി 26.11.2018 ലെ എ2/4140/2017 നമ്പർ ഇ- ടെണ്ടർ പരസ്യം നൽകിയതിന് 6 ടെണ്ടറുകളാണ് ലഭിച്ചത്. ആയതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്തത് പൈറോടെക് ഇലക്ട്രോണിക്സ് എന്ന സ്ഥാപനമാണ്. (1047/ബൾബ്) . കമ്പനിയുമായി പ്രാഥമിക ഉടമ്പടി ചമച്ചിട്ടുണ്ട്. ടെണ്ടർ അംഗീകരിച്ചതിന് ശേഷം കരാർ വെക്കുന്നതിന് ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും (22.01.2019 ലെ എ2/4140/18 ) കമ്പനി കരാർ വെച്ചില്ല. തുടർന്ന് 6.03.2019 ന് കരാർ വെക്കാൻ താത്പര്യമില്ലെന്നും പ്രവൃത്തിയിൽ നിന്നും പിൻമാറുകയാണെന്നും കമ്പനി അറിയിക്കുകയും 07.03.2019 ലെ ഭരണ സമിതി തീരുമാനം 3/1 പ്രകാരം തൊട്ട് മുകളിലുള്ള ഗ്രീൻ ലീഫ് എന്ന സ്ഥാപനത്തിന് (1430/- രൂപ നിരക്കിൽ ) പർച്ചേസ് ഓർഡർ നൽകുകയും ചെയ്തു.

പ്രവൃത്തി ഏൽപ്പിച്ച നൽകിയപ്പോൾ ഗ്രീൻ ലീഫുമായി നെഗോഷിയേഷൻ നടത്തിയിട്ടുണ്ടോ എന്നത് ഫയലിൽ നിന്നും വ്യക്തമാവുന്നില്ല. പ്രവൃത്തിയിൽ നിന്നുംപൈറോടെക് ഇലക്ട്രോണിക്സ് പിന്മാറിയതിനാൽ ഒരു ബൾബിന് 383/- രൂപ (1430-1047) നിരക്കിൽ 980 ബൾബുകൾക്ക് 375340/- രൂപ പഞ്ചായത്തിന് അധികചെലവു വന്നിട്ടുണ്ട്. ടി തുക പൈറോടെക് ഇലക്ട്രോണിക്സിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതിനും തെരുവു വിളക്കുകളുടെ എണ്ണവും തരവും കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതിനും ഓഡിറ്റ് എൻക്വയറി (14/2019-20/30.03.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. കരാറിൽ നിന്നും പിൻമാറിയതിന് പൈറോടെക്സിനെതിരായി സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 പത്രപ്പരസ്യം - ഡിസ്കൗണ്ട് ലഭ്യമായില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവ. ഉത്തരവ് G.O(Rt) No.288/14/I&PRD Dated 10/09/2014 പ്രകാരം 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. എന്നാൽ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ച താഴെ പറയുന്ന പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല. . വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ / തിയ്യതി | പത്രം / ഇൻവോയ്സ് നമ്പർ / തിയ്യതി | നൽകിയതുക |
|---|---|---|---|
| 1 | 21900033/16.04.2019 | മലയാള മനോരമ KL194210185/1.1.2019 | 4872 |
| 2 | 21900401/ 25.10.2019 | ചന്ദ്രിക<br>833/04.07.2018 | 3360 |
| 4 | 21900463 / 16.11.2019 | ചന്ദ്രിക<br>327/09.05.2018 | 3360 |

ഡിസ്കൗണ്ട് കൂടാതെ ബിൽ തുക പൂർണമായി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 11/26.03.2022) തുക ഈടാക്കി വിവരം ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത് . തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-21 അനുബന്ധ രേഖകൾ ലഭ്യമായില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ/തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം വിവിധ ആവശ്യങ്ങൾക്ക് മുൻകൂറായി തുക അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രൊജക്ടിന്റെ പൂർത്തീകരണ വിവരം/ തുകകളുടെ വിനിയോഗ വിവരം/ ചെലവിന്റെ അനുബന്ധരേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതു സംബന്ധിച്ച്നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/2019-20/26.03.2022) അനുബന്ധ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കുന്നതാണന്ന മറുപടിയാണ് നൽകിയത്. അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 4036483/- രൂപ തടസ്സം ചെയ്യുന്നു. വിശദ വിവരം ഉപ ഖണ്ഡികകളായി നൽകുന്നു.

### 1-21-1 വൈദ്യുതി കണക്ഷൻ നൽകുന്നതിനായി കെഎസ് ഇ ബി യിലേക്ക് തുക നല്കി

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/പ്രോജക്ട് നമ്പർ | തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|---|
| 1 | വൈദ്യുതി കണക്ഷന് നൽകുന്നതിന് കെഎസ് ഇ ബി യിലേക്ക് നല്കിയ തുക | 21900129/07.06.2019 | 6162 | കെ എസ് ഇ ബി താനൂർ ഈസ്റ്റ് | ഏതെല്ലാം പോസ്റ്റുകളിലേക്കാണ് കണക്ഷൻ നൽകിയത്/ |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |
| 2 | സ്ട്രീറ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ (5 എണ്ണം) | വൗച്ചർ നമ്പർ 21900388/25.10.2019 തനത് ഫണ്ട് | 11655 | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ , താനൂർഈസ്റ്റ് | വൈദ്യുതി കണക്ഷൻ ലഭ്യമായതിന്റെ വിവരം (ഏതെല്ലാം സ്ട്രീറ്റ് ലൈറ്റുകൾക്കാണ് കണക്ഷൻ നൽകിയത് എന്നതിന്റെ വിവരം) |
| 3 | സ്ട്രീറ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ (5 എണ്ണം) | വൗച്ചർ നമ്പർ 21900442/16.11.2019 തനത് ഫണ്ട് | 11655 | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ , താനൂർഈസ്റ്റ് | വൈദ്യുതി കണക്ഷൻ ലഭ്യമായതിന്റെ വിവരം (ഏതെല്ലാം സ്ട്രീറ്റ് ലൈറ്റുകൾക്കാണ് കണക്ഷൻ നൽകിയത് എന്നതിന്റെ വിവരം) |
| 4 | സ്ട്രീറ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ (5 എണ്ണം) | വൗച്ചർ നമ്പർ 21900485/29.11.2019 തനത് ഫണ്ട് | 11655 | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ , താനൂർഈസ്റ്റ് | വൈദ്യുതി കണക്ഷൻ ലഭ്യമായതിന്റെ വിവരം (ഏതെല്ലാം സ്ട്രീറ്റ് ലൈറ്റുകൾക്കാണ് കണക്ഷൻ നൽകിയത് എന്നതിന്റെ വിവരം) |
| 5 | സ്ട്രീറ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ (5 എണ്ണം) | വൗച്ചർ നമ്പർ 21900580/14.01.2020 തനത് ഫണ്ട് | 11655 | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ , താനൂർഈസ്റ്റ് | വൈദ്യുതി കണക്ഷൻ ലഭ്യമായതിന്റെ വിവരം (ഏതെല്ലാം സ്ട്രീറ്റ് ലൈറ്റുകൾക്കാണ് കണക്ഷൻ നൽകിയത് എന്നതിന്റെ വിവരം) |
| 6 | വൈദ്യുതി കണക്ഷൻ ലഭ്യമാവുന്നതിനായി കെ എസ് സി ബിയിലേക്ക നൽകിയ തുക | 21900481/27.11.2019 | 28232 | കെ എസ് സി ബി തിരൂരങ്ങാടി ഇലക്ട്രിക്കൽ സെക്ഷൻ | വൈദ്യുതി കണക്ഷൻ ലഭ്യമായതിന്റെ വിവരം |
| | | | 81014 | | |

## 1-21-2 എസ് എസ് എ വിഹിതം നൽകി

| പ്രോജക്ട് | ബിൽ നമ്പർ/പ്രോജക്ട് നമ്പർ | തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|
| 02/20 എസ് എസ് എ വിഹിതം അടവാക്കൽ | ബിൽ മ്പർ 12/19-20/ 30.09.2019 Plan- General | 24,00,000 | ജില്ലാ പ്രോജക്ട് ഓഫീസർ, SSK | വിനിയോഗ വിവരം |

## 1-21-3 ഐ കെ എം വിഹിതം നൽകൽ

| പ്രോജക്ട് | ബിൽ നമ്പർ/പ്രോജക്ട് നമ്പർ | തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|
| 03/20 ഐ കെ എം വിഹിതം നൽകൽ | ബിൽ മ്പർ 5/19-20/ 16.08.2019<br>Plan- General | 38445 | ഐ കെ എം | വിനിയോഗ വിവരം |

## 1-21-4 കണ്ടിജന്റ് ചെലവുകൾക്കായി തുക മുൻകൂർ നൽകി

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/പ്രോജക്ട് നമ്പർ | തുക | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|---|
| 1 | കണ്ടിജന്റ് ചെലവുകൾക്കായി തുക വെറ്ററിനി സർജന് അഡ്വാൻസ് നൽകിയതുക | 21900260/27.08.2019 | 15000 | വെറ്ററിനറി സർജൻ | അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരം |
| 2 | കണ്ടിജന്റ് ചെലവുകൾക്കായി തുക ആയുർവേദ മെഡിക്കൽ ഓഫീസർക്ക് അഡ്വാൻസ് നൽകിയതുക | 21900465/16.11.2019 | 10000 | ആയുർവേദ മെഡിക്കൽ ഓഫീസർ | അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരം |
| 3 | കണ്ടിജന്റ് ചെലവുകൾക്കായി അഡ്വാൻസ് നൽകിയതുക | 21900787/29.02.2020 | 14500 | എച്ച് എം ജി എൽ പി എസ് നന്നമ്പ്ര | അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരം |
| 4 | കണ്ടിജന്റ് ചെലവുകൾക്കായി അഡ്വാൻസ് നൽകിയതുക | 21900788/29.02.2020 | 12500 | എച്ച് എം ജി എം എൽ പി എസ് തിരുത്തി | അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരം |
| 5 | കണ്ടിജന്റ് ചെലവുകൾക്കായി അഡ്വാൻസ് നൽകിയതുക | 21900789/29.02.2020 | 35030 | എച്ച് എം ജി എൽ പി എസ് ചെറുമുക്ക് | അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരം |
| 6 | കണ്ടിജന്റ് ചെലവുകൾക്കായി അഡ്വാൻസ് നൽകിയതുക | 21900790/29.02.2020 | 50000 | മെഡിക്കൽ ഓഫീസർ പി എച്ച് സി | അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരം |
| | | | 137030 | | |

## 1-21-5 ഡയാലിസിസ് യൂണിറ്റിന് തുക നൽകി

| പ്രോജക്ട് | ബിൽ നമ്പർ/പ്രോജക്ട് നമ്പർ | തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|
| 6/20 ഡയാലിസിസ് യൂണിറ്റിന് തുക നൽകൽ | വൗച്ചർ നമ്പർ : 21900404/29.10.2019<br>തനത് | 2,00,000 | തിരൂരങ്ങാടി താലൂക്ക് ഹോസ്പിറ്റൽ ഡയാലിസിസ് യൂണിറ്റ് | തുകയുടെ വിനിയോഗ സാക്ഷ്യപത്രം |

## 1-21-6 ഗ്രാമ ലക്ഷ്മിക്ക് തുക മുൻകൂർ നൽകി

| പ്രോജക്ട് | ബിൽ നമ്പർ/പ്രോജക്ട് നമ്പർ | തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഫോംസ് ലഭ്യമാക്കുന്നതിനായി ഗ്രാമ ലക്ഷ്മി യിലേക്കു നൽകിയ തുക | 21900473/27.11.2019 | 42422 | ഗ്രാമ ലക്ഷ്മി | ഫോംസ് ലഭ്യമായതിന്റെ വിവരം |

1-21-7 സ്ട്രീറ്റ് മെയിൻ - കെ എസ് സി ബി യിലേക്ക് ഡെപ്പോസിറ്റ്

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/പ്രോജക്ട് നമ്പർ | തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|---|
| 1 | 14/20 വാർഡ് 20 ൽ സ്ട്രീറ്റ് മെയിൻ | ബിൽ മ്പർ 15/19-20/ 21.11.2019 ധനകാര്യ കമ്മീഷൻ അവാർഡ് | 49980 | കെ എസ് സി ബി തിരൂരങ്ങാടി ഇലക്ട്രിക്കൽ സെക്ഷൻ | പൂർത്തീകരണ / വിനിയോഗ വിവരം |
| 2 | 73/20 പയ്യോളി പാലാ പാർക്കു റോഡിൽ സ്ട്രീറ്റ് മെയിൻ | ബിൽ മ്പർ 16/19-20/ 21.11.2019 ധനകാര്യ കമ്മീഷൻ അവാർഡ് | 149940 | കെ എസ് സി ബി തിരൂരങ്ങാടി ഇലക്ട്രിക്കൽ സെക്ഷൻ | പൂർത്തീകരണ / വിനിയോഗ വിവരം |
| 3 | 118/20 വാർഡ് 4 സ്ട്രീറ്റ് മെയിൻ | ബിൽ മ്പർ 17/19-20/ 21.11.2019 ധനകാര്യ കമ്മീഷൻ അവാർഡ് | 99960 | കെ എസ് സി ബി തിരൂരങ്ങാടി ഇലക്ട്രിക്കൽ സെക്ഷൻ | പൂർത്തീകരണ / വിനിയോഗ വിവരം |
| 4 | 13/20 അത്തക്കാട് പൊളാഞ്ചേരി റോഡിൽ സ്ട്രീറ്റ് മെയിൻ | ബിൽ മ്പർ 23/19-20/ 21.12.2019 ധനകാര്യ കമ്മീഷൻ അവാർഡ് | 94766 | കെ എസ് സി ബി ഇലക്ട്രിക്കൽ സെക്ഷൻ വെന്നിയൂർ | പൂർത്തീകരണ / വിനിയോഗ വിവരം |
| 5 | 12/20 പാലങ്ങത്ത് എടവഴി കോലോത്തിയിൽ എടവഴി സ്ട്രീറ്റ് മെയിൻ | ബിൽ മ്പർ 25/19-20/ 19.03.2020 ധനകാര്യ കമ്മീഷൻ അവാർഡ് | 52403 | കെ എസ് സി ബി ഇലക്ട്രിക്കൽ സെക്ഷൻ വെന്നിയൂർ | പൂർത്തീകരണ / വിനിയോഗ വിവരം |
| | | | 447049 | | |

1-21-8 കാർഷിക ആവശ്യത്തിന് വൈദ്യുതി ലൈൻ നീട്ടൽ - കെ എസ് സി ബി യിലേക്ക് തുക മുൻകൂർ നൽകി

| പ്രോജക്ട് | ബിൽ നമ്പർ/പ്രോജക്ട് നമ്പർ | തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|
| 17/20 മുക്കായിപ്പാടം പെരുവൻകോടി മുതൽ മുറത്തുംമൂല, പുത്തൻചിറ ആലിക്കുണ്ട് ഭാഗത്ത് കാർഷിക | വൗച്ചർ നമ്പർ 21900456/ 16.11.2019 | 328440 | കെ എസ് സി ബി തിരൂരങ്ങാടി ഇലക്ട്രിക്കൽ | പൂർത്തീകരണ / വിനിയോഗ വിവരം |

| | | | | |
|---|---|---|---|---|
| | തനത് ഫണ്ട് | | സെക്ഷൻ | |
| ആവശ്യത്തിന് വൈദ്യുതി ലൈൻ നീട്ടൽ | വൗച്ചർ നമ്പർ 21900610/ 25.01.2020 തനത് ഫണ്ട് | 352063 | കെ എസ് സി ബി വെന്നിയൂർ ഇലക്ട്രിക്കൽ സെക്ഷൻ | |
| | | 680503 | | |

## 1-21-9 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

| പ്രോജക്റ്റ് | ബിൽ നമ്പർ/പ്രോജക്റ്റ് നമ്പർ | തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|
| 09/20 പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഗതാഗതത്തിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ബിൽ മ്പർ 33/19-20/ 30.03.2020 ധനകാര്യ കമ്മീഷൻ അവാർഡ് | 10020 | കെ എസ് സി ബി ഇലക്ട്രിക്കൽ സെക്ഷൻ തിരൂരങ്ങാടി | പൂർത്തീകരണ / വിനിയോഗ വിവരം |

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | 2019-2020 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 139700 | 150/2019-20 ലൈഫ് ഭവന പദ്ധതി | 139700 | 0 |
| | 400000 | 34/2019-20 ഭിന്നശേഷി സ്കോളർഷിപ്പ് | 400000 | 0 |
| ആകെ | 539700 | | 539700 | 0 |
| ജില്ലാ പഞ്ചായത്ത് | 400000 | 34/2019-20 ഭിന്നശേഷി സ്കോളർഷിപ്പ് | 400000 | 0 |

| | | | | |
|---|---|---|---|---|
| ആകെ | 400000 | | 400000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 08/2019-20 വാർഡ് 13 സ്ടീറ്റ് മെയിൻ | 19150652007 200960411, 18.12.2019 | 49385 | 49385 | പൂർത്തീകരിച്ച | ഇല്ല |
| | 09/2019-20 പഞ്ചായത്തിലെ വിവിധ റോഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 191506520072 01581865, 23.03.2020 | 10020 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 10020 |
| | 12/2019-20 പാലങ്ങത്ത് എടവഴി കോലോത്തിയിൽ എടവഴി സ്ടീറ്റ് മെയിൻ | 19150652007 201124276, 22.01.2020 | 52403 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 52403 |
| | 13/2019-20 അതുക്കാട് ചോളാഞ്ചേരി റോഡിൽ സ്ടീറ്റ് മെയിൻ | 19150652007 200960415, 18.12.2019 | 94766 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 94766 |
| | 14/2019-20 വാർഡ് 20 സ്ടീറ്റ് മെയിൻ | 19150652007 200824516, 15.11.2019 | 49980 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 49980 |
| | 17/2019-20 മുക്കായി പെരവൻകോടി മുതൽ മുരത്തുംമൂല പുത്തൻചിറ ആലിക്കണ്ട് ഭാഗത്ത് കാർഷിക ആവശ്യത്തിന് സ്ടീറ്റ് ലൈൻ | 21900456, 21900610 | 680503 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 680503 |
| | 73/2019-20 പയ്യോളി പാലാപാർക്ക് റോഡിൽ സ്ടീറ്റ് മെയിൻ | 19150652007 200824517, 15.11.2019 | 149940 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 149940 |
| | 118/2019-20 വാർഡ് 4 സ്ടീറ്റ് മെയിൻ | 19150652007 200824519, 15.11.2019 | 99960 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 99960 |
| | 164/2019-20 വിവിധ വാർഡുകലിൽ സ്ടീറ്റ് മെയിൻ | 19150652007 200192222, 01.06.2019 | 134284 | 134284 | പൂർത്തീകരിച്ച | ഇല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1680159 |
| തൻവർഷം നിക്ഷേപിച്ച തുക | 1427721 |
| ആകെ | 1822930 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1822930 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (Fixed Deposit) | 1822430 | FDR No.004607 |
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിനിംഗ് മിൽസ് (Share Certificate) | 500 | S.No.55. Dated.27/07/1977 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-2 | 2002-03 | പൊതു പരാമർശം 10-1-3 | കുടിവെള്ള പദ്ധതി അപാകതകൾ | നടപടി തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നടപടി തുടരുന്നു |
| 2014-15 | 2-7 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | നടപടി തുടരുന്നു |
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നടപടി തുടരുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | നടപടി തുടരുന്നു |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീത് | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|

| | | | | നമ്പറും തിയ്യതിയും | തുക | നമ്പര്, തിയ്യതി) | തുക, രസീത് | | ഉൾ പെട്ട തുക | ഈടാ ക്കിയ തുക | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2006-07 | 3-2 | ഡോ.ആർ. മുകുന്ദ വർമ മെഡിക്കൽ ഓഫീസർ പി.എച്ച്.സി (ആരോഗ്യം) | LF.9703/ Spl.Cell/ CSC/D1/11 Dt.15.12.2014 | 41800 | അടവാക്കിയിട്ടില്ല | ഇല്ല | ഇല്ല | 0 | 0 | 0 | 41800 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55394757 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56100219 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4036483 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21-1 | 81014 | ശ്രീമതി. ബിസിലി ബിന്ദു ടി.എസ്, സെക്രട്ടറി |
| 1-21-2 | 2400000 | |
| 1-21-3 | 38445 | |
| 1-21-4 | 137030 | |
| 1-21-5 | 200000 | |
| 1-21-6 | 42422 | |
| 1-21-7 | 447049 | |
| 1-21-8 | 680503 | |
| 1-21-9 | 10020 | |
| ആകെ | 4036483 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും ബാധകമല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2005-06 | എൽ എഫ് എം.17/277/09 തിയ്യതി 13.07.09 | 6 | |
| 2006-07 | എൽ എഫ് എം.17/68/10 തിയ്യതി 11.12.11 | 10 | |
| 2007-08 | എൽ എഫ് എം.15/351/12 തിയ്യതി 22.05.12 | 22 | |
| 2008-09 | എൽ എഫ് എം.15/1400/11 തിയ്യതി 19.11.11 | 16 | |
| 2009-10 | എൽ എഫ് എം.15/1401/11 തിയ്യതി 19.11.11 | 15 | |
| 2010-11 | എൽ എഫ് എം.15/2065/13 തിയ്യതി 11.11.13 | 8 | |
| 2011-12, | എൽ എഫ് എം.15/3566/14 തിയ്യതി 06.02.15 | 11 | |
| 2012-13 | കെ.എസ്.എ.എം.പി.എം.15/386/17 തിയ്യതി 14.06.2017 | 6 | |
| 2013-14,14-15 | കെ എസ് എ എം പി എം 15/2110/16 തിയ്യതി 09.08.16 | 11 | |
| 2015-16 | കെ എസ് എ എം പി എം 15/1/17 തിയ്യതി 07.12.17 | 9 | |
| 2016-17 | കെ എസ് എ എം പി എം 15/1812/17 തിയ്യതി 22.06.18 | 16 | |
| 2017-18 | നം.കെ.എസ്.എ.എം.പി.എം15/260/2019 തിയതി: 19/02/2019 | 14 | |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.15/283/2020 തിയതി: 17-06-2020 | 29 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്